"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കൊട്ടിയൂർ വില്ലേജിലെ ശ്രീ. തോമസ് സി.ഒ. എന്നവരുടെ വീടിനു 2018-ൽ ഉണ്ടായ പ്രളയത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ചതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(സാധാ) നം.957/2024/RD തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 5/2019/ദുനിവ, തീയതി, 25.02.2019.
2. കണ്ണൂർ ജില്ലാ കളക്ടറുടെ 02.02.2024 തീയതിയിലെ DCKNR/5512/2022-DM1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കൊട്ടിയൂർ വില്ലേജിലെ ശ്രീ.തോമസ്. സി.ഒ., ചക്കിശ്ശേരി ഹൗസ്, അമ്പായത്തോട് പി.ഒ., പാൽച്ചുരം എന്നവരുടെ വീട് 2018-ലുണ്ടായ പ്രളയത്തെ തുടർന്ന് 75-100% നാശനഷ്ടം സംഭവിച്ച വിഭാഗത്തിൽ ഉൾപ്പെടുത്തുകയും വീട് നിർമ്മാണത്തിനുള്ള ആദ്യ ഗഡുവായി 95,100/- രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുകയും ചെയ്തിരുന്നു. 75-100% വിഭാഗത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി ചെയ്താൽ വാസയോഗ്യമാക്കാം എന്ന് സിവിൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിനോടൊപ്പം വീട്ടുടമസ്ഥൻ സമ്മതപത്രം സമർപ്പിക്കുന്ന മുറയക്ക് 2,50,000/- രൂപ പരാമർശം (1) പ്രകാരം അനുവദിക്കുവാൻ ടിയാനെ 2,50,000/- രൂപ ധനസഹായം നൽകി വരുന്ന സ്കീമിൽ ഉൾപ്പെടുത്തി ബാക്കി തുകയായ 1,54,900/- രൂപ (ഒരു ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം ജില്ലാ കളക്ടർ അപേക്ഷിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കൊട്ടിയൂർ വില്ലേജിലെ ശ്രീ. തോമസ്. സി.ഒ., ചക്കിശ്ശേരി ഹൗസ്, അമ്പായത്തോട് പി.ഒ., പാൽച്ചുരം എന്നവർക്ക് 1,54,900/- രൂപ (ഒരു ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) വിതരണത്തിനാവശ്യമായി വരുന്ന തുകയായ 1,54,900/- രൂപ (ഒരു ലക്ഷത്തി അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ

അറിയിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sheeba M
സെക്ഷൻ ഓഫീസർ.
Date: 12-03-2024 16:04:12

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്